
ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



ചെറുകഥ : "ഘടികാരവും വിളക്കും"

"മുൻവിധികൾ"

(തിരുവചന ധ്യാനം)

AUGUST
2023

CONTENTS

- **തിരുവചന ധ്യാനം** : "**മുൻവിധികൾ**". Page - 03
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ**. Page - 26
- **ചെറുകഥ : സ്വർഗ്ഗത്തിലെ ഘടികാരവും വിളക്കും**. Page - 27



തിരുവചന ധ്യാനം : "മുൻവിധികൾ"

നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുയേശുവിൽ വിശ്വസിക്കുന്ന പലരും അഭിമുഖീകരിക്കുന്ന, സാധാരണവും എന്നാൽ സങ്കീർണ്ണവുമായ ഒരു പ്രശ്നമാണ് "മുൻവിധികൾ" എന്നുള്ളത്. നമ്മുടെ ജീവിതത്തിൽ കഴിഞ്ഞകാലങ്ങളിൽ സംഭവിച്ചതോ, നാം കണ്ടതോ കേട്ടതോ മനസ്സിലാക്കിയതോ ആയ കാര്യങ്ങളിൽനിന്നുകൊണ്ട് (അല്ലെങ്കിൽ, ഇടുങ്ങിയ ചിന്താഗതികളിലൂടെയുള്ള പഠിപ്പിക്കൽകൊണ്ടോ), നമ്മുടെ മുൻപിൽനടക്കുന്ന ദൈവപ്രവൃത്തികളെ (അഥവാ, ദൈവീക പദ്ധതികളെ, പരിശുദ്ധാത്മാവിന്റെ നിയോഗങ്ങളെ,ദർശനത്തെ) തമസ്ക്കരിക്കത്തക്കവണ്ണം നമ്മിൽ ഉടലെടുക്കുന്ന തെറ്റായ ചിന്താരീതികളാണ് ഇപ്പറയുന്ന "മുൻവിധികൾ".

ഈ മുൻവിധികളാകട്ടെ ഓരോ ക്രിസ്തുവിശ്വാസിയെയും ബാധിക്കുന്നത് വ്യത്യസ്തമായ നിലകളിലാണ്. ചിലർ, തങ്ങളിൽ ഉടലെടുക്കുന്ന ഈ മുൻവിധികളെ, 'വിവേചനം' എന്ന് സ്വയം തെറ്റിദ്ധരിച്ചു ദൈവപ്രവൃത്തികളെ തള്ളിക്കളയുമ്പോൾ മറ്റുചിലർ 'ദുരുപദേശ'മെന്നു വിളിപ്പേർ കൊടുത്തുകൊണ്ട് അവയെ ചവിട്ടുകൊട്ടയിലേക്കു അയക്കുന്നു. ശേഷം ചിലർ ഇവയെ കർത്താവിന്റെ പരിശുദ്ധാത്മാവിനാൽ ഗ്രഹിക്കായ്കയാൽ 'ഭയ'ത്തോടെമാത്രം നോക്കിക്കാണുന്നു.

തീർച്ചയായും നാം നമ്മുടെ മുൻപിൽ കടന്നുവരുന്ന സകലത്തെയും 'ദൈവത്തിന്റെ പരിശുദ്ധാത്മാവി'നാലും'വചനത്തിന്റെ അടിസ്ഥാന'ത്തിലും തിരിച്ചറിയണം. എന്നാൽ പലപ്പോഴും ഈ രണ്ട് ഘടകങ്ങളെ മാത്രംമുൻനിറുത്തി സ്വയം നിർവൃതിയടയുമ്പോൾ, നമ്മിൽ (സഭയാം ശരീരത്തിൽ) വെളിപ്പെടേണ്ടുന്ന ദൈവമഹത്വത്തെയാണ് നാമറിഞ്ഞോ അറിയാതെയോ നഷ്ടപ്പെടുത്തിക്കളയുന്നത്. എന്നാൽ, ഇവയോട് ചേർന്നുനിന്നുകൊണ്ടു ദൈവയിഷ്ടത്താലുള്ള ചില ഘടകങ്ങൾ കൂടി പരിഗണിക്കുമ്പോൾ, അവ നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത് സ്വർഗ്ഗീയ വിളിയുടെ ഓഹരിയിലേക്കാണ്.

അവകൂടി ചേരുമ്പോൾ മാത്രമേ ഒരു കറിയുടെ സ്വാദുപോലെ പൂർണ്ണത ലഭിക്കുകയുള്ളൂ. അവയെന്തെല്ലാമാണെന്നു പ്രാഥമികമായി ഒന്ന് ചിന്തിക്കാം

1. **വ്യക്തിയെക്കുറിച്ചുള്ള വിളി**.
2. **ദൈവമഹത്വത്തിന്റെ പ്രസക്തി**.
3. **ഓരോ കാലഘട്ടത്തിലുമുള്ള ദൈവരാജ്യപദ്ധതിയുടെ ആവശ്യങ്ങളും ആഴങ്ങളും**
4. **ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലുള്ള ബോധ്യം**.
5. **വചനത്തിന്റെ അടിസ്ഥാനം**.
6. **ദൈവസ്നേഹത്തിന്റെ ആഴം**.

മേൽപ്പറഞ്ഞ ഘടകങ്ങൾകൂടി ദൈവത്തിന്റെ ജ്ഞാനത്താൽ നാം ഉൾക്കൊണ്ടാൽ, ദൈവം ആഗ്രഹിക്കുന്നത് ഈ ചെറിയ ആയുസ്സിൽ ദൈവരാജ്യത്തിനും ദൈവമഹത്വത്തിനുമായി ചെയ്തെടുക്കുവാൻ ദൈവാത്മാവിനാൽ നമുക്കു സാധിക്കും.

1. **<u>വ്യക്തിയെക്കുറിച്ചുള്ള വിളി.</u>**

ലൂക്കോസ് 5

4. **സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമോനോടു: "ആഴത്തിലേക്കു നീക്കി മീമ്പിടിത്തത്തിന്നു വല ഇറക്കുവിൻ " എന്നു പറഞ്ഞു.**
5. **അതിന്നു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെവാക്കിന്നു ഞാൻ വല ഇറക്കാം എന്നു ഉത്തരം പറഞ്ഞു.**
6. **അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്തു മീൻകൂട്ടം അകപ്പെട്ടു വല കീറാറായി.**
7. **അവർ മറ്റെ പടകിലുള്ള കൂട്ടാളികൾ വന്നു സഹായിപ്പാൻ അവരെ മാടിവിളിച്ചു. അവർ വന്നു പടകു രണ്ടുംമുങ്ങുമാറാകുവോളും നിറെച്ചു.**
8. **ശിമോൻ പത്രൊസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻആകകൊണ്ടു എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു.**
9. **അവർക്കു ഉണ്ടായ മീന്പിടിത്തത്തിൽ അവന്നും അവനോടു കൂടെയുള്ളവർക്കു എല്ലാവർക്കും സംഭ്രമംപിടിച്ചിരുന്നു.**

പത്രോസിനെ നേടുവാനാണ് ഒരു വലിയപുരുഷാരത്തോട് യേശുകർത്താവ് അന്നേദിവസം സംസാരിച്ചതും, പത്രോസിന്റെ പടകിൽനിന്നുകൊണ്ട് 'പത്രോസിനുവേണ്ടി' അത്ഭുതം ചെയ്തതും. പലപ്പോഴും നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർക്കായി ദൈവം പ്രവൃത്തിക്കുന്നതു കാണുകയുംചെയ്യുമ്പോൾ, തുറക്കേണ്ടുന്നത് നമ്മുടെ കണ്ണുകളാണ്. ദൈവയിഷ്ടത്തെയും ദൈവീക വഴികളെയുംകുറിച്ചുള്ള നമ്മുടെ ഹൃസ്വദൃഷ്ടികളാണ് (short sight) മാറേണ്ടത്. ദൈവം ചെയ്യുവാൻ ആഗ്രഹിക്കുന്നതിനെ കാണുന്ന കണ്ണാണ് നമുക്കു ഈ ഭൂമിയിൽ ആവശ്യമായുള്ളത്. ഓരോ വസ്തുവിന്റെമേലും വെളിച്ചം (സൂര്യപ്രകാശം) തട്ടി അത് നമ്മുടെ കണ്ണിൽ പതിക്കുമ്പോഴാണ് നാം ആ വസ്തുവിനെ കാണുന്നത്. ഇതേപോലെ, സ്വർഗ്ഗീയ ഇഷ്ടങ്ങൾ ഈ ഭൂമിയിൽ പതിയ്ക്കപ്പെട്ട്, നമ്മുടെ കണ്ണ് ആ കാഴ്ച കാണുന്ന ഒരു തലത്തിലേക്ക് നമ്മുടെ കാഴ്ച്ച വളരുവാനാണ് നാം ആഗ്രഹിക്കേണ്ടുന്നത്. ഇപ്രകാരം നാം ഭൂമിയെയും അതിലെ സകല ചരാചരങ്ങളെയും കണ്ടുതുടങ്ങുമ്പോൾ ദൈവത്തിന് തന്റെ ഭാഷ നമ്മെ ഗ്രഹിപ്പിക്കുവാൻ കഴിയും. അസാദ്ധ്യങ്ങൾ സാദ്ധ്യമായിത്തീരുകയും ചെയ്യും.

മർക്കൊസ് 9

1. **പിന്നെ അവൻ അവരോടു: ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർചിലർ ഈ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.**
2. **ആറുദിവസം കഴിഞ്ഞശേഷം യേശു പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി ഒരുഉയർന്ന മലയിലേക്കു തനിച്ചു കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു.**
3. **ഭൂമിയിൽ ഒരു അലക്കുകാരന്നും വെളുപ്പിപ്പാൻ കഴിയാതെവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായിതിളങ്ങി.**
4. **അപ്പോൾ ഏലീയാവും മോശെയും അവർക്കു പ്രത്യക്ഷമായി യേശുവിനോടു സംഭാഷിച്ചുകൊണ്ടിരുന്നു.**

5. **പത്രൊസ് യേശുവിനോടു: റബ്ബീ നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കട്ടെ; ഒന്നുനിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിന്നും എന്നു പറഞ്ഞു.**
6. **താൻ എന്തു പറയേണ്ടു എന്നു അവൻ അറിഞ്ഞില്ല; അവർ ഭയപരവശരായിരുന്നു.**

മേൽപ്പറഞ്ഞ സംഭവത്തിൽ യേശുവിന്റെ ശിഷ്യന്മാർ മാനുഷികമായി ഒന്നും പറയുകയോ ചെയ്യുകയോ ചെയ്തില്ല, യാന്ത്രികമെന്നോണം, ആ മലയിൽ തങ്ങൾ കണ്ടതും അനുഭവിച്ചതുമായ സകലവും, ദൈവത്താൽ സംഭവിക്കുകയാണുണ്ടായത്. ദൈവം അവരെ അതിൽ പങ്കാളികളാക്കിത്തീർത്തു എന്നു പറയുന്നതാവും കൂടുതൽ ശരി.

അതുപോലെ നമ്മുടെ ഹൃസ്വദൃഷ്ടികൾ മാറിത്തുടങ്ങുമ്പോൾ, ദൈവം നമ്മെയും അനേക കാര്യങ്ങളിൽ പങ്കാളികളാക്കിത്തീർക്കും. ഫിലിപ്പോസിനെപ്പോലെ അയപ്പെടുവാൻ ദൈവം നമ്മെയും തിരഞ്ഞെടുക്കും.

പ്രവൃത്തികൾ 8 : 26. **അനന്തരം കർത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു: നീ എഴുന്നേറ്റു തെക്കോട്ടുയെരൂശലേമിൽനിന്നു ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്കു പോക എന്നു പറഞ്ഞു.**

ഫിലിപ്പോസ് അപ്രകാരം ദൈവത്തെ അനുസരിക്കുകയും ദൈവഹിതത്തിനായി തന്നെത്തന്നെ വിട്ടുകൊടുക്കുകയും ചെയ്തപ്പോൾ എത്യോപ്യകാരനായ ഷണ്ഡൻ യേശുവിനായി തന്നെത്താൻ വിട്ടുകൊടുത്തു സ്നാനമേറ്റു. നാം ഒരിക്കൽ അനുസരിക്കുമ്പോൾ, ദൈവത്തെ അനുസരിക്കുവാനായി ദൈവം അനേകരുടെ ഹൃദയങ്ങളെ നമ്മുടെ മുൻപിൽത്തന്നെ തുറക്കും. നമ്മുടെ ഓരോ അനുസരണത്തിലും വിടുതലുകളുണ്ട്! ഒരിക്കലും ഇപ്രകാരമുള്ള വിടുതലുകൾ ഒളിഞ്ഞിരിക്കുകയല്ല മറിച്ചു, ദൈവത്തോടുള്ള അനുസരണത്തിൽ നമ്മിൽ അലിഞ്ഞിരിക്കുകയാണ് ചെയ്യുന്നത്.

നാം ദൈവാത്മാവിനെ അനുസരിക്കുമ്പോൾ ഈ വിടുതലുകൾ പ്രകടമായി പുറത്തുവരും. ദൈവത്തിന് മഹത്വം ! ഫിലിപ്പോസിനെപ്പോലെ 'കണ്ണുതുറന്ന ഒരു പത്രോസിനെ'യായിരുന്നു യേശുവിന് ആവശ്യമായിരുന്നത്. കടലിലെയും കരയിലെയും അനേകകാര്യങ്ങൾ കണ്ട കണ്ണുകളായിരുന്നു പത്രോസിനുണ്ടായിരുന്നത്. ആ കണ്ണുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറം ചെയ്യുവാനാണ് യേശു ആഗ്രഹിച്ചതും ചെയ്തതും.

പടകിലും അതിന്റെ പരിസരത്തും തന്റെ ജീവിതത്തിന്റെ തുടക്കത്തെയും വർത്തമാനത്തേയും കണ്ട പത്രോസ്, തന്റെ ഭാവിയും ആ പടകിൽ കെട്ടിയിട്ട് കടൽത്തീരത്തേക്കു നോക്കി വൃഥാ ജീവിച്ചുവന്നു. സ്വന്തം ജീവിതംതന്നെ കെട്ടപ്പെട്ടിരിക്കുന്ന ആ പടകിൽനിന്നും, പത്രോസിനെ കെട്ടഴിച്ചു ആഴത്തിലേക്കുകൊണ്ടുപോകുന്ന യേശു, പുതിയ ആഴങ്ങളെ തന്റെ കണ്ണിനുമുന്പിൽ തുറന്നുകൊടുക്കുകയായിരുന്നു. സത്യത്തിൽ യേശുവാണ് പത്രോസിനെ എല്ലാ അർത്ഥത്തിലും ആഴത്തിലേയ്ക്ക് കൂട്ടികൊണ്ടുപോവുന്നത്. ആ യാത്രയിൽ പത്രോസിന് ലഭിച്ചത് കടലിനും മത്സ്യത്തിനും തന്റെ പടകിനും മനുഷ്യർക്കും നൽകുവാൻ കഴിയാത്ത കാഴ്ചയുടെ ലോകമായിരുന്നു. ഈഭൂമിയിൽ നമുക്കോരോരുത്തർക്കും യാത്രചെയ്യാൻ അവസരങ്ങളുണ്ട്. നമുക്കിഷ്ടമുള്ളിടത്തേക്കു നമ്മുടെ പ്രിയപ്പെട്ടവരോടൊന്നിച്ചു യാത്ര ചെയ്യുവാൻ നമുക്കിന്നു കഴിയും. യാത്ര ചെയ്യുവാനുള്ള നമ്മുടെ താല്പര്യം(willingness) അഥവാ ഒരുക്കമുള്ള ഒരു മനസ്സ് വിലയേറിയ ഘടകമാണ്. എന്നാൽ ദൈവത്തോടൊപ്പം ആഴത്തിലേക്ക് യാത്രചെയ്യുമ്പോൾമാത്രമേ നമുക്കും ദൈവീക കാഴ്ചപ്പാടുകൾ (വെളിപാടിന്റെ പ്രകാശനങ്ങൾ) ലഭിക്കുകയുള്ളൂ. ഒരുക്കത്തോടും കൊതിയോടും സമർപ്പണത്തോടും യാത്ര ചെയ്യുന്ന ക്രിസ്തുവീരർ ഇഹത്തിലും പരത്തിലും ഉണർന്നു ശോഭിക്കും.

നാമും പലപ്പോഴും ഹൃസ്വദൃഷ്ടിയോടെ ദൈവരാജ്യത്തിന്റെ പൂമുഖത്തുമാത്രം നിൽക്കുവാൻ ആഗ്രഹിക്കുന്നവരാണ് (safe zone). ദൈവരാജ്യത്തിന്റെ ആഴത്തിലേക്ക് ഇറങ്ങുവാൻ

നമുക്കു കഴിയാത്തതിന്റെകാരണം നമ്മുടെ 'ഹൃസ്വദൃഷ്ടി' തന്നെ. മുൻവിധികളാണ് അത്തരം ഹൃസ്വദൃഷ്ടിയുടെ ഉറവിടം.

ലൂക്കോസ് 5
8. **ശിമോൻ പത്രോസ് അതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: കർത്താവേ, ഞാൻ പാപിയായ മനുഷ്യൻആകകൊണ്ടു എന്നെ വിട്ടുപോകേണമേ എന്നു പറഞ്ഞു.**
9. **അവർക്കു ഉണ്ടായ മീൻപിടിത്തത്തിൽ അവന്നും അവനോടു കൂടെയുള്ളവർക്കു എല്ലാവർക്കും സംഭ്രമംപിടിച്ചിരുന്നു.**

ദൈവത്തെ, യഹൂദമതത്തിൽനിന്നു മാത്രം കേട്ട പത്രോസിന്, ശാസ്ത്രിമാരിൽനിന്നും പരീശന്മാരിൽനിന്നും കേട്ടതിൽക്കൂടുതൽ പഠിപ്പിച്ചുകൊടുക്കുവാൻ യേശു ആഗ്രഹിച്ചില്ല. പ്രത്യുത, കേൾവികളെക്കാളും അറിവിനേക്കാളും ഉയർന്നുനിൽക്കുന്ന ശ്രേഷ്ഠമേറിയ 'അനുഭവ'ത്തിലേക്കാണ് യേശു പത്രോസിനെ കൂട്ടിക്കൊണ്ടുപോവുന്നത്. ദൈവത്തെ വ്യക്തിപരമായി അനുനിമിഷം അനുഭവിക്കുന്ന ആത്മബന്ധമാണ് നമ്മിൽ ഉടലെടുക്കേണ്ടതും നമ്മുടെ തലമുറകൾക്കു നാം കൈമാറേണ്ടുന്നതും. ഇവിടെയുണ്ടാകുന്ന പരാജയങ്ങൾ നമ്മിൽ 'മുൻവിധികളെ' സൃഷ്ടിക്കും. ആ മുൻവിധികളുടെ സൃഷ്ടാവാകട്ടെ മതചിന്തയും.

ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ സങ്കല്പങ്ങളും കല്പനകഥകളും യേശുവിലാണ് ഉടയുന്നത്. മതചിന്തകളാൽരൂപപ്പെട്ടുവന്ന മോക്ഷചിന്തകളുടെ പര്യവസാനവും യേശുക്രിസ്തുവിലൂടെയുള്ള രക്ഷയിൽ എത്തിച്ചേരുന്നു. ഇവിടെ പത്രോസിന് മോക്ഷമോ രക്ഷയോ അല്ല വിഷയം, മീനിനെ ലഭിക്കാത്ത അവസ്ഥകൾ പണ്ടും അദ്ദേഹം നേരിട്ടിട്ടുണ്ടാവാം. എന്നാൽ, അപ്പോഴൊന്നും കാണാതിരുന്ന യേശുവിനെ ഇപ്പോഴാണ് പത്രോസ് കാണുന്നത്. ദൈവം നിശ്ചയിച്ച സമയത്തെ മാറ്റിക്കളയുവാൻ മനുഷ്യന്റെ നിരാശയ്ക്കു കഴിവില്ല! ദൈവം തക്കസമയത്തു പത്രോസിന്റെ പടകുതേടി എത്തി. പല വിശ്വാസികളുടെയും അനുഭവം ഏതാണ്ട് ഇതുപോലെയാണ്. പലപ്രശ്നങ്ങളും ജീവിതത്തിൽ വന്നു,

അപ്പോഴൊന്നും പറയത്തക്ക അത്ഭുതങ്ങളൊന്നുംതന്നെ കാണാനവർക്ക് കഴിഞ്ഞില്ല. അപ്പോഴെല്ലാം നിരാശപ്പെട്ടു. എന്നിട്ടും ദൈവം അവർക്കുവേണ്ടി പിന്നത്തേതിൽ ഇറങ്ങിവന്നു. അവിടെ അത്ഭുതങ്ങൾ അവർ അനുഭവിച്ചു.
ദാനീയേൽ 6 : 10. **എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു**, - **അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു - താൻ മുമ്പെചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചുസ്തോത്രം ചെയ്തു**.

ദാനിയേലിനു വിരോധമായി രേഖ എഴുതിച്ചപ്പോൾ, ആ രേഖ കീറിക്കളയുവാൻ ദൈവം ദൂതനെ നിയോഗിച്ചില്ല. മറിച്ചു, സിംഹക്കുഴിയിൽ വീണപ്പോൾ ദൈവം സ്വന്തം ദൂതനെ അയച്ചു, ദാനിയേലിനെ വിടുവിച്ചു. ഒരല്പം പോലും ദൈവം, തന്റെ പ്രവൃത്തി വൈകിപ്പിക്കുന്നില്ല. മരിച്ച ലാസറിനും ജീവന്റെ നാഥൻ ജീവനെ തിരികെ കൊടുത്തു. നാടും വീടും കുടുംബവും അതിൽ സന്തോഷിച്ചു. സ്വന്ത കുടുംബത്തിന്റെയും പ്രിയപ്പെട്ടവരുടെയും ആത്മീയവിടുതലിനുവേണ്ടിപ്രാർത്ഥിക്കുന്നവർ, വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കട്ടെ. പത്രോസിന്റെ പടക്, അത് കരയ്ക്കുകിടക്കുമ്പോൾതന്നെ യേശു അടുത്തുവരും. അനുവാദത്തോടെ അകത്തുപ്രവേശിക്കും. ആ പ്രവേശനത്തിൽ അവർ അത്ഭുതത്തിനു സാക്ഷിയാകും. അനേകരെയും കൂട്ടിവരുത്തും. ദൈവത്തിനായി നമ്മുടെപ്രിയപ്പെട്ടവർ സ്വയം സമർപ്പിക്കും നിശ്ചയം! ദൈവത്തിന്റെ സമയത്തെ മാറ്റുവാൻ മനുഷ്യനും ഇരുട്ടുകൾക്കും ഒരുനാളും സാധിക്കുകയില്ല.
സങ്കീർത്തനങ്ങൾ 24
7. **വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ**;
പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ;
മഹത്വത്തിന്റെരാജാവു പ്രവേശിക്കട്ടെ.
8. **മഹത്വത്തിന്റെ രാജാവു ആർ? ബലവാനും വീരനുമായ യഹോവ, യുദ്ധവീരനായ യഹോവ തന്നേ**.
9. **വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ**;
പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ;
മഹത്വത്തിന്റെരാജാവു പ്രവേശിക്കട്ടെ.

എന്നെ വിട്ടുപോകേണം എന്ന് അപേക്ഷിക്കുന്ന പത്രോസിൽ, താൻ യേശുവിനെപ്പോലെ ഒരാളെ ഉൾക്കൊള്ളുവാൻ യോഗ്യതയില്ലാത്തവൻ ആണെന്ന് പത്രോസ് പറയാതെ പറഞ്ഞു. കാരണം, പത്രോസിന്റെ 'മുൻവിധിയിലുള്ള ദൈവത്തിനു' തന്റെ പടക് ഒരു 'പ്രശ്നം' ആണ്. തൊഴിൽ ഒരു 'പ്രശ്ന'മാണ്, അയോഗ്യതകൾ ഒരു 'പ്രശ്ന'മാണ്. ഇങ്ങനെ പ്രശ്നസങ്കീർണ്ണതകൾ നിറഞ്ഞതാണ് പത്രോസിന്റെ മുൻവിധി. ഈ 'മുൻവിധികളെ', പടകിൽ നിന്നും പത്രോസ്സിൽനിന്നും പുറത്താക്കുന്ന സ്നേഹത്തിന്റെ വാക്കുകളാണ് "ഭയപ്പെടേണ്ടാ ഇന്നുമുതൽ നീ മനുഷ്യരെപിടിക്കുന്നവൻ ആകും" എന്നുള്ളത്. അതിൽക്കവിഞ്ഞ ഒരു വാക്കും പത്രോസിലേക്കു ചെല്ലുവാനായിട്ടില്ല.

1 **യോഹന്നാൻ** 4
18. **സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെപുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല.**
19. **അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു.**

ദൈവം ആഗ്രഹിക്കാത്ത മുൻവിധിയുടെ ശബ്ദങ്ങൾ നമ്മുടെ ഹൃദയത്തിൽനിന്നും ചിന്തയിൽനിന്നും മാറ്റപ്പെടുമ്പോൾ മാറ്റുകൂടുന്നത് നമ്മുടെ മേലുള്ള ദൈവത്തിന്റെ പദ്ധതികൾക്കാണ്.

ഒരു കണ്ണാടി തകർക്കുവാൻ ഒരു കല്ല് എന്നതുപോലെ, എല്ലാ ചിന്തകളും ഭാവനകളും തെറ്റായ മുൻവിധികളും തകർത്തുകൊണ്ടാണ് ക്രിസ്തുവിന്റെ വചനം പത്രോസ്സിലേക്കു കടന്നുചെല്ലുന്നത്.

എബ്രായർ 4
12. **ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളുംമൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെതുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.**
13. **അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായികിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു.**

കരയിൽ യേശുചെയ്ത പ്രസംഗത്തിന്റെ എത്ര ഭാഗം പത്രോസ് കേട്ടു എന്ന് നാം അറിയുന്നില്ല. എന്നാൽ പത്രോസിനുവേണ്ടിയുള്ള വാക്കും പ്രവൃത്തിയും യേശു തന്നിൽ സൂക്ഷിച്ചിരുന്നു. അവൻ ഇന്നലെയും ഇന്നും എന്നന്നേക്കും അനന്യനാണ്.
നമുക്കുവേണ്ടിയത് യേശു നമുക്കായി മുന്നൊരുക്കിയിരിക്കുന്നു. അവൻ അത് നമുക്കായി നൽകും.

2.**<u>ദൈവമഹത്വത്തിന്റെ പ്രസക്തി.</u>**

പ്രവൃത്തികൾ 12
13. **അവൻ പടിപ്പുരവാതിൽക്കൽ മുട്ടിയാറെ രോദാ എന്നൊരു ബാല്യക്കാരത്തി വിളികേൾപ്പാൻ അടുത്തുവന്നു.**
14. **പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞു, സന്തോഷത്താൽ പടിവാതിൽ തുറക്കാതെ അകത്തേക്കു ഓടി, പത്രൊസ്പടിപ്പുരെക്കൽ നില്ക്കുന്നു എന്നു അറിയിച്ചു.**
15. **അവർ അവളോടു: നിനക്കു ഭ്രാന്തുണ്ടു എന്നു പറഞ്ഞു; അവളോ: അല്ല, ഉള്ളതു തന്നേ എന്നുഉറപ്പിച്ചുപറയുമ്പോൾ അവന്റെ ദൂതൻ ആകുന്നു എന്നു അവർ പറഞ്ഞു.**
16. **പത്രൊസ് മുട്ടിക്കൊണ്ടിരുന്നു; അവർ തുറന്നപ്പോൾ അവനെ കണ്ടു വിസ്മയിച്ചു.**

കാരാഗൃഹത്തിൽനിന്നും പത്രോസിന്റെ വരവിനായി ഒരുകൂട്ടർ ശക്തമായി പ്രാർത്ഥിക്കുന്നു. നിരന്തരമായ ആ പ്രാർത്ഥനകൾക്കൊടുവിൽ പത്രോസ് ദൈവത്താൽ വിടുവിയ്ക്കപ്പെട്ടു പ്രാർത്ഥിച്ചസഹോദരങ്ങളുടെ അടുക്കലേക്കുവരുന്നു. എന്നാൽ അത് വിശ്വസിക്കുവാൻ കഴിയാത്തവണ്ണം പ്രാർത്ഥിച്ചവർ വിസ്മയിക്കുന്നു.

ചില പ്രാർത്ഥനകളിൽ നാം ചോദിക്കുന്നതിന്റെ ആഴം നാം ഗ്രഹിക്കുന്നില്ലെങ്കിലും, നമ്മെ സ്നേഹിക്കുന്ന ദൈവംഅത് കേൾക്കകൊണ്ടു നമുക്കായി മറുപടികൾ തന്ന് നമ്മെ ദിനവും നടത്തുന്നു. അങ്ങനെ, വിശ്വസിക്കുവാൻ കഴിയാത്തവണ്ണമുള്ള ഒരു ദൈവപ്രവൃത്തി മുൻപിൽ കണ്ടപ്പോൾ വിസ്മയംപൂണ്ടവരായി പത്രോസിന്റെ കൂട്ടാളികൾ മാറി. കാരണം, അവരുടെ 'മുൻവിധി'കളിൽ ഇങ്ങനെ ഒരു അത്ഭുതം അവർ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ, പത്രോസിനെ പുറത്തുകൊണ്ടുവന്ന ദൈവം, തന്റെ മഹത്വം പ്രത്യക്ഷമാക്കുവാൻ പ്രാർത്ഥിച്ചവരുടെ അടുക്കലേക്കുതന്നെ പത്രോസിനെ ആദ്യമേ അയച്ചു. മുൻവിധികളെ തന്റെ മഹത്വത്തിന്റെ സമ്പന്നതയാൽ മുറിച്ചുമാറ്റുന്ന ദൈവത്തെ നാം ഇവിടെ കാണുന്നു! ദൈവമക്കളുടെ മുൻവിധി അവരുടെ വിശ്വാസത്തെപ്പോലും തകർക്കുന്നതാണെന്നു തിരിച്ചറിയുന്നവർ പ്രാർത്ഥനയിൽ അത്തരം മുൻവിധികളെ തകർക്കും. മൂൻവിധി തകരുമ്പോൾ ദൈവമഹത്വം പ്രത്യക്ഷമാവും.

സങ്കീർത്തനങ്ങൾ 108
5. **ദൈവമേ, നീ ആകാശത്തിന്നു മീതെ ഉയർന്നിരിക്കേണമേ; നിന്റെ മഹത്വം സർവ്വഭൂമിക്കും മീതെ തന്നേ.**
6. **നിനക്കു പ്രിയമുള്ളവർ വിടുവിക്കപ്പെടേണ്ടതിന്നു നിന്റെ വലങ്കൈകൊണ്ടു രക്ഷിച്ചു ഞങ്ങൾക്കുഉത്തരമരുളേണമേ.**

വാതിൽക്കൽ നില്കുന്നത് പത്രോസ് തന്നേ എന്ന് ബാല്യക്കാരത്തിയായ രോദാ പറയുമ്പോൾ, രോദയെ ശാസിക്കുവാനും സംശയിക്കുവാനും പ്രാർത്ഥിച്ചവരുടെ ഹൃദയം മറിയുന്നതായി നാം കാണുന്നു. നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ, നമ്മുടെ ഓരോ പ്രാർത്ഥനയിലും നാം വിളിച്ചുവരുത്തുന്നത് പ്രാർത്ഥനയുടെ ഉത്തരത്തെ മാത്രമല്ല സർവശക്തനായ ദൈവത്തിന്റെ തേജസ്സിനെകൂടിയാണെന്ന് ? ഈ തേജസ്സിനാൽ നിറയപ്പെടുമ്പോൾ, ഈ തേജസ്സിൽ നിലനിൽക്കുമ്പോൾ ഭൂമിയിലെ സ്വർഗ്ഗത്തെയാണ് നാം അനുഭവിക്കുന്നത്. പലപ്പോഴും പ്രാർത്ഥനകൾ ചടുലതയുടെയും ഭംഗിവാക്കുകളെയും നിസ്സംഗതയുടേയുമൊക്കെ പര്യായങ്ങളായിമാറുന്നു. നമ്മുടെ പ്രാർത്ഥനകളും ദൈവസന്നിധിയിലെ യാചനകളും ദൈവതേജസ്സിനെ വെളിപ്പെടുത്തുന്നതായിത്തീരട്ടെ.

പ്രവൃത്തികൾ 4 : 31. **ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരുംപരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.**

3. **<u>ഓരോ കാലഘട്ടത്തിലുമുള്ള ദൈവരാജ്യപദ്ധതിയുടെ ആവശ്യങ്ങളും ആഴങ്ങളും.</u>**

പ്രവൃത്തികൾ 10
25. **പത്രോസ് അകത്തു കയറിയപ്പോൾ കൊർന്നേല്യൊസ് എതിരേറ്റു അവന്റെ കാൽക്കൽ വീണു നമസ്കരിച്ചു.**
26. **പത്രൊസോ: എഴുന്നേൽക്ക, ഞാനും ഒരു മനുഷ്യനത്രെ എന്നു പറഞ്ഞു അവനെ എഴുന്നേല്പിച്ചു.**
27. **അവനോടു സംഭാഷിച്ചുംകൊണ്ടു അകത്തു ചെന്നു, അനേകർ വന്നു കൂടിയിരിക്കുന്നതു കണ്ടു അവനോടു:**
28. **അന്യജാതിക്കാരന്റെ അടുക്കൽ ചെല്ലുന്നതും അവനുമായി പെരുമാറ്റം ചെയ്യുന്നതും യെഹൂദന്നു നിഷിദ്ധംഎന്നു നിങ്ങൾ അറിയുന്നുവല്ലോ. എങ്കിലും ഒരു മനുഷ്യനെയും മലിനനോ അശുദ്ധനോ എന്നു പറയരുതെന്നുദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു.**

29. **അതുകൊണ്ടാകുന്നു നിങ്ങൾ ആളയച്ചപ്പോൾ ഞാൻ എതിർ പറയാതെ വന്നതു; എന്നാൽ എന്നെ വിളിപ്പിച്ചസംഗതി എന്തു എന്നു അറിഞ്ഞാൽ കൊള്ളാം എന്നു പറഞ്ഞു.**
30. **അതിന്നു കൊർന്നേല്യൊസ്: നാലാകുന്നാൾ ഈ നേരത്തു ഞാൻ വീട്ടിൽ ഒമ്പതാം മണിനേരത്തെ പ്രാർത്ഥനകഴിച്ചുകൊണ്ടിരിക്കുമ്പോൾ ശുഭ്രവസ്ത്രം ധരിച്ചോരു പുരുഷൻ എന്റെ മുമ്പിൽ നിന്നു:**
31. **കൊർന്നേല്യൊസേ, ദൈവം നിന്റെ പ്രാർത്ഥന കേട്ടു നിന്റെ ധർമ്മം ഓർത്തിരിക്കുന്നു.**
32. **യോപ്പയിലേക്കു ആളയച്ചു പത്രൊസ് എന്നു മറുപേരുള്ള ശിമോനെ വിളിപ്പിക്ക; അവൻ കടല്പുറത്തുതോൽക്കൊല്ലനായ ശീമോന്റെ വീട്ടിൽ പാർക്കുന്നു എന്നു പറഞ്ഞു.**
33. **ക്ഷണത്തിൽ ഞാൻ നിന്റെ അടുക്കൽ ആളയച്ചു; നീ വന്നതു ഉപകാരം. കർത്താവു നിന്നോടുകല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു എന്നുപറഞ്ഞു.**
34. **അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞു തുടങ്ങിയതു: ദൈവത്തിന്നു മുഖപക്ഷമില്ല എന്നും**
35. **ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻഇപ്പോൾ യാഥാർത്ഥമായി ഗ്രഹിക്കുന്നു.**

ഏതൊരു മനുഷ്യനെയും ദൈവം സ്നേഹിക്കുന്നു. തന്റെ മക്കളെ അധികമായും സ്നേഹിക്കുന്നു. തന്റെ മക്കളുടെ അടുക്കലേക്കെന്നപോലെ സകലരിലേക്കും ഇറങ്ങിച്ചെല്ലുവാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ ആ ജനത്തിന്റെ ഹൃദയം ഈ ലോകത്തിന്റെ ഇഷ്ടങ്ങൾക്കായി വിട്ടുകൊടുത്തിരിക്കുകയും ഈ ലോകത്തിലെ പ്രഭുവിനെ ഉൾക്കൊള്ളുവാനുമായി നല്കിയിരിക്കുകയും ചെയ്തിരിക്കുകയാൽ അവർ പിതാവാം ദൈവത്തിന്റെ സ്നേഹത്തെ ഗണ്യമാക്കാതെ പോവുന്നു. ഇവിടെയാണ് അനുസരണമുള്ള ദൈവപൈതലിന്റെ കർത്തവ്യം പിതാവ് ആഗ്രഹിക്കുന്നത്. ഏകജാതനായവനിലൂടെ ലോകത്തെ രക്ഷിക്കുവാൻ മനസ്സായ അതേപിതാവ്, യേശുവിലൂടെ മക്കളാക്കിത്തീർത്ത നമ്മിലൂടെ അതേ ജീവന്റെ വഴി മറ്റുള്ളവർക്ക്

കാണിച്ചുകൊടുക്കുവാൻ ആഗ്രഹിക്കുന്നു. ഇപ്രകാരമുള്ള ഒരു ഇടപെടലാണ് കൊർന്നേല്യൊസിനുവേണ്ടി ദൈവം പത്രൊസിൽ നടത്തുന്നത്.വിലയേറിയ വേലയ്ക്കായി ശ്രേഷ്ഠതനല്കി പത്രൊസിനെ, ദൈവം കൊർന്നേല്യൊസിന്റെപക്കലേക്കു കൊണ്ടുവന്നു. യഹൂദന്മാർക്കുപുറത്തുള്ളവരെ (ജാതികളെ) ക്കുറിച്ചുള്ള ആത്മഭാരംതെല്ലുമില്ലാതിരുന്ന പത്രൊസിന്റെ മുൻപിലേക്ക് 'ജാതികളുടെ രക്ഷ' എന്ന 'സ്വർഗ്ഗത്തിന്റെ വിശപ്പിനെ' കാണിച്ചുകൊടുക്കാൻ പത്രൊസിന് വിശപ്പും ദർശനവും ദൈവം വിളമ്പിനല്കി. ദർശനം ലഭിച്ച പത്രൊസ്, അത്പൂർത്തീകരിക്കുന്നതിന്റെ ആവശ്യകതകയെക്കുറിച്ചു സ്വയം ബോധ്യം പ്രാപിക്കുകയും യാതൊരു വിമുഖതയുംകാട്ടാതെ തനിക്കു ലഭിച്ച ബോധ്യത്തെ കൊർന്നേല്യൊസിനു പങ്കുവയ്ക്കുകയും ചെയ്തു. രക്ഷയുടെ സന്ദേശവും സന്തോഷവും യഹൂദനുമാത്രം എന്ന മുൻവിധിയിൽ യാത്ര ചെയ്ത പത്രൊസിനെ ഒരു ദർശനത്താൽ ഉറപ്പിക്കുവാൻ ദൈവത്തിനുകഴിഞ്ഞു.
രണ്ടുവിശപ്പിനും തൃപ്തിവരുത്തുവാൻ ദൈവം മുൻവിധികളെ മായ്ച്ചുകളഞ്ഞു. ഒന്ന്, കൊർന്നേല്യൊസിന്റെ വിശപ്പ് ക്രിസ്തുവിനായുള്ളതായിരുന്നു. രണ്ടാമത്തേതായ പത്രൊസിന്റെ വിശപ്പോ, കൊർന്നേല്യൊസിന്റെ വിശപ്പിനെ ഉൾക്കൊള്ളാനുള്ള ഹൃദയ വിശാലതയുടെ വിശപ്പായിരുന്നു.
ലൂക്കോസ് 16 : 9. **അനീതിയുള്ള മമ്മോനെക്കൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ എന്നുഞാൻ നിങ്ങളോടു പറയുന്നു. അതു ഇല്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെചേർത്തുകൊൾവാൻ ഇടയാകും**.

ഈ ഭൂമിയിൽ നാം ജീവിക്കുമ്പോൾ അനേകം കൊർന്നേല്യൊസുമാരെയും ഭവനങ്ങളേയും ഉൾക്കൊള്ളുവാൻ നമ്മുടെ ഹൃദയം വിശാലമായാൽ, കർത്താവിന്റെ കല്പനകളുടെ വഴിയേ ഓടുവാൻ ദൈവം നമുക്കു അധികം ശക്തിതരും.
സങ്കീർത്തനങ്ങൾ 119 : 32. **നീ എന്റെ ഹൃദയത്തെ വിശാലമാക്കുമ്പോൾ ഞാൻ നിന്റെ കല്പനകളുടെ വഴിയിൽഓടും**.

മുൻവിധികളുടെ കണ്ണികൾ മുറിയട്ടെ കല്പനകളുടെ വഴിയേ ഓടുവാൻ കർത്താവ് നമ്മെ സ്വാതന്ത്രരാക്കട്ടെ.

4. **<u>ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലുള്ള ബോധ്യം.</u>**
ലൂക്കോസ് 9
51. **അവന്റെ ആരോഹണത്തിന്നുള്ള കാലം തികയാറായപ്പോൾ അവൻ യെരൂശലേമിലേക്കു യാത്രയാവാൻമനസ്സു ഉറപ്പിച്ചു തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു.**
52. **അവർ പോയി അവന്നായി വട്ടംകൂട്ടേണ്ടതിന്നു ശമര്യക്കാരുടെ ഒരു ഗ്രാമത്തിൽ ചെന്നു.**
53. **എന്നാൽ അവൻ യെരൂശലേമിലേക്കു പോകുവാൻ ഭാവിച്ചിരിക്കയാൽ അവർ അവനെ കൈക്കൊണ്ടില്ല.**
54. **അതു അവന്റെ ശിഷ്യന്മാരായ യാക്കോബും യോഹന്നാനും കണ്ടിട്ടു: കർത്താവേ,** (**ഏലീയാവുചെയ്തതുപോലെ**) **ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോഎന്നു ചോദിച്ചു.**
55. **അവൻ തിരിഞ്ഞു അവരെ ശാസിച്ചു:** ("**നിങ്ങൾ ഏതു ആത്മാവിന്നു അധീനർ എന്നു നിങ്ങൾഅറിയുന്നില്ല;**
56. **മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നതു" എന്നു പറഞ്ഞു.**) **അവർവേറൊരു ഗ്രാമത്തിലേക്കു പോയി.**

യേശു തങ്ങളുടെകൂടെ ആയിരിക്കുമ്പോഴും പല സാഹചര്യങ്ങളിലും യേശുവിന്റെ ശിഷ്യന്മാർ തങ്ങളിൽത്തന്നെ ആശ്രയിക്കുന്നതും അവിശ്വാസത്താൽ അസ്വസ്ഥരാവുന്നതും നാം കാണുന്നുണ്ട്. അവയെല്ലാം യേശു അനുവദിച്ചത്, ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ കടന്നുവരുന്ന സ്വയ ചിന്തകളെയും വികാര വിചാരങ്ങളേയും പുറത്തുകൊണ്ടുവരുവാനും അതിലൂടെ അവരെ ദൈവരാജ്യത്തിന്റെ പ്രസക്തി ഗ്രഹിപ്പിക്കാനും വേണ്ടിയായിരുന്നു. കാരണം, ദൈവത്തിനായി ജഡത്തിൽ / സ്വയത്തിൽ പ്രതികരിക്കുവാനും പ്രവൃത്തിക്കുവാനുംശ്രമിച്ചു, പരാജിതനായ മറ്റൊരു മോശയെ, തന്റെ ശിഷ്യന്മാരിൽ വാർത്തെടുക്കുവാൻ യേശു ആഗ്രഹിച്ചില്ല.

പ്രത്യുത, ദൈവരാജ്യത്തിന്റെ സുവിശേഷം ഗ്രഹിച്ചുകൊണ്ടു, ദൈവമഹത്വം അനുഭവിച്ചും അനേകരിലേക്കു ആ മഹത്വംപകർന്നും ക്രിസ്തുവിനായി ശോഭിക്കുവാനായാണ് യേശു അവരെ തിരഞ്ഞെടുത്തത്. ക്രിസ്തുയേശുവിനാൽ തിരഞ്ഞെടുക്കപ്പെട്ട നാം ഓരോരുത്തരും എപ്രകാരം ദൈവത്തിനായി പ്രയോജനപ്പെടുന്നുവെന്നു സ്വയംശോധനചെയ്യുന്നതു ഉത്തമമായിരിക്കും. കാരണം, ദൈവത്താൽ പണിയപ്പെടാത്ത മോശയിലൂടെ വന്ന മുറിവുകളെ ഉണക്കിയെടുക്കുവാനും മോശയെ പണിതെടുക്കുവാനും ദൈവത്തിനു നല്ലൊരു കാലയളവ് വകയിരുത്തേണ്ടതായിവന്നു . തത്വത്തിൽ, ആ സമയം ദൈവം വകയിരുത്തിയത് മോശയുടെ ജീവിതത്തിൽനിന്നുംതന്നെയായിരുന്നു. അതിനാൽ നമുക്കുലഭിച്ചിരിക്കുന്ന സമയം തക്കത്തിൽ ഉപയോഗിച്ചാൽ ബുദ്ധിയുള്ള കന്യകമാരായിത്തീരുവാൻ നമുക്കു കഴിയും. പൗലോസ് നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു.

കൊലൊസ്സ്യർ 4
3. **എനിക്കു ബന്ധനകാരണമായ ക്രിസ്തുവിന്റെ മർമ്മം പ്രസ്താവിപ്പാൻ തക്കവണ്ണം ദൈവം ഞങ്ങൾക്കുവചനത്തിന്റെ വാതിൽ തുറന്നുതരികയും**
4. **ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യേണ്ടതിന്നു ഞങ്ങൾക്കു വേണ്ടിയുംപ്രാർത്ഥിപ്പിൻ**.
5. **സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ**.

ഓർക്കുക, എണ്ണ കരുതുന്നവരും (ആത്മനിറവോടെ ജ്വലിക്കുന്നവരും) ഒരുങ്ങിയിരിക്കുന്നവരുമാണ്(സമർപ്പണത്തോടെ കാത്തിരിക്കുന്നവരുമാണ്) ബുദ്ധിയുള്ളവർ. ഉപായികളെ ദൈവം തന്റെ വേലക്കായി നിയോഗിക്കുന്നില്ല.

ലൂക്കോസ് 9
54. **അതു അവന്റെ ശിഷ്യന്മാരായ യാക്കോബും യോഹന്നാനും കണ്ടിട്ടു: കർത്താവേ, (ഏലീയാവുചെയ്തതുപോലെ) ആകാശത്തുനിന്നു തീ ഇറങ്ങി അവരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോഎന്നു ചോദിച്ചു.**

മേൽപ്പറഞ്ഞ വചനങ്ങളിൽ യേശുവിന്റെ പ്രിയശിഷ്യർ ഒരു നിമിഷം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെബോധ്യത്തിലേക്കു തങ്ങളെത്തന്നെ വിട്ടുകൊടുക്കാൻ മറന്നുപോയി. എന്നാൽ അടുത്ത നിമിഷം യേശു അവരെശാസിച്ചുകൊണ്ടു സംസാരിച്ചു- "നിങ്ങൾ ഏതു ആത്മാവിന്നു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല; മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നതു". എല്ലായ്പ്പോഴും യേശു നമ്മോടുകൂടെയുണ്ട് എന്ന് ഉറപ്പുവരുത്തുക. കാരണം, ഇപ്രകാരമുള്ള ചില ബാലശിക്ഷകൾ, പരിശുദ്ധാത്മാവിന്റെബോധ്യത്തിലേക്കു വേഗത്തിൽ നമ്മെ കയറ്റുവാൻ കാരണമാകും.

തങ്ങൾ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന 'വീര്യപ്രവൃത്തി'ക്കായല്ല മറിച്ചു, ആത്മാവിന്റെബോധ്യത്താൽ, സ്നേഹത്തിന്റെ ശുശ്രൂഷക്കാരായിട്ടത്രേ വിളിക്കപ്പെട്ടിട്ടുള്ളത് എന്ന മർമ്മം അന്ന് അവർക്കുവെളിപ്പെട്ടുവന്നു. നമുക്കും ഇത് വെളിപ്പെടുത്തിത്തരുവാൻ ദൈവാത്മാവ് അനുദിനം ആഗ്രഹിക്കുന്നു.

2 **കൊരിന്ത്യർ** 4
1. **അതുകൊണ്ടു ഞങ്ങൾക്കു കരുണ ലഭിച്ചിട്ടു ഈ ശുശ്രൂഷ ഉണ്ടാകയാൽ ഞങ്ങൾ അധൈര്യപ്പെടാതെ**
2. **ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചു ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടു ചേർക്കാതെയുംസത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകലമനുഷ്യരുടെയും മനസ്സാക്ഷിക്കു ഞങ്ങളെത്തന്നേബോദ്ധ്യമാക്കുന്നു.**

ലഭിച്ചിരിക്കുന്ന ശുശ്രൂഷകൾ, അത് ദൈവത്തിന്റെ കരുണയാലും മഹാദയയാലും നാം ചെയ്തുവരുന്നു എന്നു മനസ്സിലാക്കിത്തുടങ്ങിയാൽ, അപ്പോസ്തോലിക ദൗത്യത്തിലേക്കു നമ്മെ കൈപിടിച്ചുകയറ്റുവാൻ ദൈവാത്മാവിനുകഴിയും. അനേകർ ഒരുക്കപ്പെട്ടിട്ടും ദൈവാത്മാവിനാൽ അയക്കപ്പെടാതെയിരിക്കുന്നതിനുള്ളകാരണങ്ങളിൽ ഇത് ഒന്നുമാത്രം. അപ്പോസ്തോലികദൗത്യങ്ങളിൽ വെല്ലുവിളികൾ അനേകമുണ്ടെങ്കിലും തേജസ്സും പതിനായിരം മടങ്ങുണ്ട്. തേജസ്സിനെനോക്കിയിറങ്ങിയാൽ വെല്ലുവിളികൾ കാണാത്തവണ്ണംആത്മാവിന്റെ പുതപ്പും നമുക്കായി ദൈവം നൽകും!

യേശുവിനെ കൈക്കൊള്ളാത്തവരുടെമേൽ തീ ഇറക്കുവാൻ അനുവാദം ചോദിച്ച ശിഷ്യർക്ക്, ഒരിക്കലുംപ്രതീക്ഷിക്കാത്ത മറുപടിനൽകി, ആത്മാവിനെ എങ്ങനെ അനുസരിക്കണമെന്ന് യേശു ഗ്രഹിപ്പിച്ചുകൊടുത്തു. ശക്തിയുടെ ആത്മാവിനെ തിരിച്ചറിഞ്ഞ ശിഷ്യർ, അതേ പരിശുദ്ധാത്മാവ് സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവാണെന്നു ആ നിമിഷം തിരിച്ചറിഞ്ഞു. ദൈവം നമുക്കായി നൽകിയിരിക്കുന്ന അധികാരങ്ങളിലും ശുശ്രൂഷകളിലും, പരിശുദ്ധാത്മാവിനെ സ്നേഹത്തോടെ പകരുന്നവരായി നാം മാറുവാൻ ദൈവം ആഗ്രഹിക്കുന്നു. അക്ഷരാർത്ഥത്തിൽ, ശക്തി മാത്രമാണ് ദൈവാത്മാവ് എന്ന 'മുൻവിധി'യിൽനിന്നും ദൈവാത്മാവ് ഒരു വ്യക്തികൂടിയാണെന്നു നാം തിരിച്ചറിയുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

എഫെസ്യർ 4

30. **ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിന്നായിമുദ്രയിട്ടിരിക്കുന്നതു.**

31. **എല്ലാ കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണവും സകലദുർഗ്ഗുണവുമായി നിങ്ങളെ വിട്ടുഒഴിഞ്ഞുപോകട്ടെ.**

32. **നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെഅന്യോന്യം ക്ഷമിപ്പിൻ.**

5. **<u>വചനത്തിന്റെ അടിസ്ഥാനം</u>.**
അമ്മയുടെ ഗർഭംമുതലേ മുടന്തനായ ഒരു മനുഷ്യൻ ഭിക്ഷയാചിച്ചുകൊണ്ടു ദൈവാലയവാതില്ക്കൽ ആയിരിക്കുന്നു. ഭിക്ഷകൊടുക്കുന്നവരും കൊടുക്കാത്തവരും തങ്ങളുടെ മനോബോധത്തിനൊത്തവണ്ണം ഇദ്ദേഹത്തെ നോക്കി കടന്നുപോവുന്നു. ഏറെനാൾകഴിഞ്ഞു, പത്രോസും യോഹന്നാനും ആ വഴിയായി കടന്നുവന്നു. സ്വതവേ ഭിക്ഷചോദിക്കുന്ന ശീലത്തോടെ അദ്ദേഹം ഭിക്ഷചോദിക്കുന്നു. അഴിഞ്ഞുപോകുന്ന നിക്ഷേപങ്ങൾ അധികം കരുതായ്കയാൽ അവരുടെകയ്യിൽ ഇദ്ദേഹത്തിനായി ഒന്നും തന്നേ ഉണ്ടായിരുന്നില്ല. എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു അവരിൽ ഇരിക്കുകയാലും അവരെ നടത്തുകയാലും, ആ വക അന്വേഷിക്കാൻതക്കവണ്ണം ഈ ഭിക്ഷക്കാരന്റെ കൈകളിലേക്കല്ല ജീവിതത്തിലേക്ക് ക്രിസ്തുവിനെക്കൊടുത്തുകൊണ്ട് അവർ ഇരുവരും അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു ക്രിസ്തുവിലേക്കു നടത്തുന്നു.

പ്രവൃത്തികൾ 3 : 8. **നടന്നും തുള്ളിയും ദൈവത്തെ പുകഴ്ത്തിയുംകൊണ്ടു അവരോടുകൂടെ ദൈവാലയത്തിൽകടന്നു**.
7. **അവനെ വലങ്കൈക്കു പിടിച്ചു എഴുന്നേല്പിച്ചു; ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറെച്ചു അവൻ കുതിച്ചെഴുന്നേറ്റു നടന്നു**;
9. **അവൻ നടക്കുന്നതും ദൈവത്ത പുകഴ്ത്തുന്നതും ജനം ഒക്കെയും കണ്ടു**,

ഈ പ്രവൃത്തിയെ ചോദ്യം ചെയ്യുവാൻ യഹൂദപ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും തീരുമാനിക്കുന്നു.

പ്രവൃത്തികൾ 4
5. **പിറ്റെന്നാൾ അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും യെരൂശലേമിൽ ഒന്നിച്ചുകൂടി**;
6. **മഹാപുരോഹിതനായ ഹന്നാവും കയ്യഫാവും യോഹന്നാനും അലെക്സന്തരുംമഹാപുരോഹിതവംശത്തിലുള്ളവർ ഒക്കെയും ഉണ്ടായിരുന്നു**.

7. **ഇവർ അവരെ നടുവിൽ നിറുത്തി: ഏതു ശക്തികൊണ്ടോ ഏതു നാമത്തിലോ നിങ്ങൾ ഇതു ചെയ്തു എന്നുചോദിച്ചു.**
8. **പത്രൊസ് പരിശുദ്ധാത്മാവു നിറഞ്ഞവനായി അവരോടു പറഞ്ഞതു: ജനത്തിന്റെ പ്രമാണികളും മൂപ്പന്മാരുംആയുള്ളോരേ,**
9. **ഈ ബലഹീനമനുഷ്യനു ഉണ്ടായ ഉപകാരം നിമിത്തം ഇവൻ എന്തൊന്നിനാൽ സൗഖ്യമായി എന്നു ഞങ്ങളെഇന്നു വിസ്തരിക്കുന്നു എങ്കിൽ നിങ്ങൾ ക്രൂശിച്ചവനും**
10. **ദൈവം മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവനുമായി നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ ഇവൻസൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നില്ക്കുന്നു എന്നു നിങ്ങൾ എല്ലാവരും യിസ്രായേൽജനം ഒക്കെയുംഅറിഞ്ഞുകൊൾവിൻ.**
11. **വീടുപണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞിട്ടു കോണിന്റെ മൂലക്കല്ലായിത്തീർന്ന കല്ലു ഇവൻ തന്നേ.**
12. **മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ടവേറൊരു നാമവും ഇല്ല.**
13. **അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണ്കയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായമനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു; അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു.**
14. **സൗഖ്യം പ്രാപിച്ച മനുഷ്യൻ അവരോടുകൂടെ നില്ക്കുന്നതു കണ്ടതുകൊണ്ടു അവർക്കു എതിർ പറവാൻവകയില്ലായിരുന്നു.**

യഹൂദപ്രമാണികൾ ഉന്നയിച്ച ആരോപണങ്ങൾക്കുമറുപടിയായി ദൈവം നിർത്തിയത് മുടന്തുമാറിയ ആ മനുഷ്യനെയായിരുന്നു. അതുവരെ ആരാലും തിരിഞ്ഞുനോക്കാത്ത ആ മനുഷ്യന്റെ ജീവിതം അന്നുവരെ ഒരു ചോദ്യചിന്ഹമായിരുന്നുവെങ്കിൽ അന്നുമുതൽ സ്വർഗ്ഗത്തിന്റെ ഉത്തരമായി മാറി.

അക്കാലത്തുവരെ നിലനിന്നിരുന്ന ന്യായപ്രമാണമതിലുകളെ ജയിച്ച യേശു, പകർന്നു നൽകിയത് ജീവന്റെവചനമായിരുന്നു.

വിടുതലുകൾക്കു സാധ്യതയില്ലാതിരിക്കെ, യേശുക്രിസ്തുവിന്റെ നാമത്തിൻശക്തിയാൽ മുടന്തനായ മനുഷ്യൻ തന്റെ കാലുകളെയുറപ്പിച്ചു നിവർന്നുനിന്നു. യേശുവാണ് വചനം. ജീവിക്കുന്ന വചനത്തെ തിരിച്ചറിയുവാൻ കഴിയാതെ ശാസ്ത്രിമാരും പരീശന്മാരും ന്യായപ്രമാണത്തിൽ പലവട്ടം പരതിയപ്പോൾ, കാണാതെകിടന്ന ദൈവീകസത്യം, അവരുടെ കണ്ണിനുമറവായിരുന്നെങ്കിലും അത് പ്രാപിക്കുവാൻ മുടന്തന് സാധിച്ചു. പ്രമാണങ്ങളുടെ പേരിൽ യേശുവിനെയും യേശുവിന്റെ നാമത്താലുള്ള വിടുതലുകളെയും അളന്നവർക്കു തെറ്റുപറ്റി. കാരണം അതിൽ 'ന്യായപ്രമാണമെന്ന മുൻവിധി' പറ്റിപ്പിടിച്ചിരുന്നു. അതിനെ വേരോടെപിഴുതെടുക്കുന്നതായിരുന്നു പരിശുദ്ധാത്മനിറവിൽ പത്രോസും യോഹന്നാനും പറഞ്ഞ സാക്ഷ്യങ്ങൾ.

6. **<u>ദൈവസ്നേഹത്തിന്റെ ആഴം.</u>**
യേശു, താൻ സ്നേഹിച്ച ലാസറിനെ മരിച്ചവരുടെയിടയിൽനിന്നും ഉയിർപ്പിച്ചതു യഹൂദജനം തന്നിൽവിശ്വസിക്കേണ്ടതിനായിമാത്രം ആയിരുന്നില്ല. പ്രത്യുത, തനിക്കു ലാസറിനോടും കുടുംബത്തോടുമുള്ള ആഴമേറിയ ദൈവസ്നേഹം നിമിത്തമായിരുന്നു. എന്നാൽ അതിൽ ദൈവമഹത്വം പ്രത്യക്ഷമായപ്പോൾ ജനത്തിനു വലുതായിത്തോന്നിയത് , മരിച്ച ലാസറിന്റെ ഉയിർപ്പ് മാത്രമായിരുന്നു . പലപ്പോഴും ദൈവസ്നേഹത്തിന്റെ ആഴം, നമ്മുടെ കണ്ണിൽ പതിയാതെ പോവുന്നു, അത്ഭുതങ്ങളിലേക്കു മാത്രം നമ്മുടെ കണ്ണുകൾ ചുരുങ്ങിപ്പോവുകയും ചെയ്യുന്നു . ആന്തരിക (ആത്മാവിന്റെ) കണ്ണുകൾക്ക് കുളിർമ്മ നൽകുന്നത് ദൈവസ്നേഹത്തിന്റെ ആഴമത്രേ.

യോഹന്നാൻ 11
34. **അവനെ വെച്ചതു എവിടെ എന്നു ചോദിച്ചു. കർത്താവേ, വന്നു കാൺക എന്നു അവർ അവനോടു പറഞ്ഞു.**
35. **യേശു കണ്ണുനീർ വാർത്തു.**

36. **ആകയാൽ യെഹൂദന്മാർ: കണ്ടോ അവനോടു എത്ര പ്രിയം ഉണ്ടായിരുന്നു എന്നു പറഞ്ഞു.**
37. **ചിലരോ: കുരുടന്റെ കണ്ണു തുറന്ന ഇവന്നു ഇവനെയും മരിക്കാതാക്കുവാൻ കഴിഞ്ഞില്ലയോ എന്നു പറഞ്ഞു.**
38. **യേശു പിന്നെയും ഉള്ളംനൊന്തു കല്ലറെക്കൽ എത്തി; അതു ഒരു ഗുഹ ആയിരുന്നു; ഒരു കല്ലും അതിന്മേൽവെച്ചിരുന്നു.**
39. **കല്ലു നീക്കുവിൻ എന്നു യേശു പറഞ്ഞു മരിച്ചവന്റെ സഹോദരിയായ മാർത്ത: കർത്താവേ, നാറ്റംവെച്ചുതുടങ്ങി; നാലുദിവസമായല്ലോ എന്നു പറഞ്ഞു.**
40. **യേശു അവളോടു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോഎന്നു പറഞ്ഞു.**
41. **അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെവാഴ്ത്തുന്നു.**
42. **നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചുഎന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു.**
43. **ഇങ്ങനെ പറഞ്ഞിട്ടു അവൻ: ലാസരേ, പുറത്തുവരിക എന്നു ഉറക്കെ വിളിച്ചു.**
44. **മരിച്ചവൻ പുറത്തുവന്നു; അവന്റെ കാലും കയ്യും ശീലകൊണ്ടു കെട്ടിയും മുഖം റൂമാൽകൊണ്ടു മൂടിയുമിരുന്നു. അവന്റെ കെട്ടു അഴിപ്പിൻ; അവൻ പോകട്ടെ എന്നു യേശു അവരോടു പറഞ്ഞു.**
45. **മറിയയുടെ അടുക്കൽ വന്ന യെഹൂദന്മാരിൽ പലരും അവൻ ചെയ്തതു കണ്ടിട്ടു അവനിൽ വിശ്വസിച്ചു.**

എല്ലാ ദൈവപ്രവൃത്തികളുടെയും അടിസ്ഥാനം ദൈവസ്നേഹമാണ്. നിശ്ചയമായും അത് ഗ്രഹിച്ചു അവയെ കാണുന്നവരാണ് ഭൂരിഭാഗമെങ്കിലും ചിലരുടെയെങ്കിലും ഹൃദയത്തിൽ അവയെ ഉൾക്കൊള്ളുവാൻ കഴിയ്കയാൽ അവരുടെയിടയിൽ സംഭവിക്കുന്ന ദൈവപ്രവൃത്തികളുടെ 'പ്രയോജനത്തെ' അവർ സ്വീകരിക്കുകയും, ആ പ്രവൃത്തി അവർക്കായിച്ചെയ്ത ദൈവത്തിന്റെ ആഴമേറിയ

സ്നേഹത്തെ തിരിച്ചറിയാതെ പോവുകയും ചെയ്യുന്നു. പലപ്പോഴും അത് ബോധപൂർവമായ ഒരു തെറ്റല്ല മറിച്ചു, അവരെ നടത്തിയവർക്ക് ആ ദൈവസ്നേഹത്തിന്റെ ആഴത്തെ തങ്ങളുടെ ആടുകളുടെയിടയിൽ പങ്കുവയ്ക്കുവാൻ കഴിയാതെപോയതാണ് കാരണം.

പിതാവാം ദൈവമാണ് തന്നെ ഈ ഭൂമിയിലേക്ക് അയച്ചിരിക്കുന്നതെന്നു യേശു ഈ അത്ഭുതത്തിലൂടെ വ്യക്തമാക്കുമ്പോഴും യേശു രണ്ട് സ്നേഹത്തെക്കുറിച്ചു ഇവിടെ പറയുന്നു.

1.) പിതാവാം ദൈവം തന്റെ സ്വന്തപുത്രനെ ഈ ലോകത്തിലേക്ക് അയച്ച സ്നേഹം. (വാക്യം 41 & 42). അയക്കപ്പെട്ട പുത്രന്റെ അപേക്ഷ നിരസിക്കാതെ സ്നേഹത്തോടെ കേൾക്കുന്ന പിതാവാം ദൈവത്തിന്റെസ്നേഹം.

യോഹന്നാൻ 11

41. **അവർ കല്ലു നീക്കി. യേശു മേലോട്ടു നോക്കി: പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ ഞാൻ നിന്നെവാഴ്ത്തുന്നു.**
42. **നീ എപ്പോഴും എന്റെ അപേക്ഷ കേൾക്കുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു; എങ്കിലും നീ എന്നെ അയച്ചുഎന്നു ചുറ്റും നില്ക്കുന്ന പുരുഷാരം വിശ്വസിക്കേണ്ടതിന്നു അവരുടെ നിമിത്തം ഞാൻ പറയുന്നു എന്നു പറഞ്ഞു.**

2.)യേശുവിന് തന്റെ സ്നേഹിതനായ ലാസറിനോടുള്ള സ്നേഹം. (വാക്യം 35,36 & 38)

തന്നെപ്പോലെ തന്റെ സഹോദരനെയും സ്നേഹിക്കുക എന്നത് പ്രമാണത്തിലൊതുക്കാതെ ജീവിതത്തിൽ കാണിച്ചുതരുവാൻ യേശു ഒരു സാധാരണ മനുഷ്യനെപ്പോലെ ലാസറിനെ സ്നേഹിക്കുന്നതായും അവനെയോർത്തു കരയുന്നതായും ഈ വചനങ്ങളിൽ നാം കാണുന്നു. ഈ ഭൂമിയിൽ നമുക്കും പിതാവിന്റെ ഇഷ്ടങ്ങളിൽനിന്നുകൊണ്ടു പുത്രത്വത്തിന്റെ പദവിയിൽ ജീവിച്ചുകൊണ്ട് ദൈവമഹത്വം പ്രത്യക്ഷമാക്കുവാൻ കഴിയും എന്നതിന്റെ ഉത്തമ മാതൃക കൂടിയാണ് ലാസറിന്റെ ഉയിർപ്പ്.

ഈ ഭൂമിയിലെ ഓരോ നിമിഷവും ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നവരാണ് എല്ലാവരും. ദൈവത്തിൽ വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും അങ്ങനെ, എല്ലാവരിലും സമയം ഒരു സുപ്രധാന ഘടകംതന്നെയാണ്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുകയും നിത്യജീവനായി പ്രത്യാശിക്കുകയും ചെയ്യുന്ന നമ്മിൽ സമയത്തിന് അതിലധികം പ്രാധാന്യമുണ്ട്. നമ്മുടെ സമയം ദൈവരാജ്യത്തിന്റെ സമയമാണ്. ദൈവഹിതപ്രകാരം മനുഷ്യർക്കിടയിൽ ദൈവത്തിനായി ചിലവിടപ്പെടേണ്ടതുമാണ്. പണത്തേക്കാളും മറ്റെല്ലാ സമ്പത്തിനേക്കാളും വില സമയത്തിനുണ്ട്. ഈ സമയങ്ങളെ, മുൻവിധികളുടെ സ്വാധീനതയിൽ നഷ്ടപ്പെടുത്തിക്കളയുവാൻ ആഗ്രഹിക്കാത്ത ഒരു തലമുറയെയാണ് ദൈവം ആഗ്രഹിക്കുന്നത്.

ഇതെഴുതുന്നവനും മുൻവിധികളെ, യോർദാൻപോലെ പിളർക്കുവാൻ, ദൈവത്തോട് അഭിഷേകവും കരുത്തും ചോദിച്ചുകൊണ്ടിരിക്കുന്നവനാകുകയാൽ, വായിക്കുന്ന നിങ്ങളോരോരുത്തരെയും ദൈവം അതിനായി യോഗ്യരാക്കിത്തീർക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല(യാക്കോബ് 1 : 20) എന്ന് തിരുവചനത്തിൽ നാം വായിക്കുന്നതുപോലെ, മനുഷ്യന്റെ മുൻവിധി ദൈവഹിതത്തെ അതിന്റെ പൂർണ്ണതയിൽ ഭൂമിയിൽ നിറവേറ്റുകയില്ല എന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥനയോടും സ്നേഹത്തോടും കൂടെ
ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ.



The Great Commission is not an option to be considered; it is a command to be obeyed.


~ Hudson Taylor



The church changes the world not by making converts but by making disciples.

~ John Wesley

William Carey



It is the duty of those who are entrusted with the Gospel to endeavor to make it known among all nations.

ചെറുകഥ - സ്വർഗ്ഗത്തിലെ ഘടികാരവും വിളക്കും.

മരിച്ച ശേഷം ആദ്യമായിക്കണ്ട ദൂതനോട് ബെഞ്ചമിൻ ചോദിച്ചത് താൻ ചെറുപ്പത്തിൽ കേട്ട ഒരു കഥയെക്കുറിച്ചായിരുന്നു.

"സ്വർഗ്ഗത്തിലെ ഘടികാരവും വിളക്കും" എന്ന ആ കഥ തന്റെ ക്ലാസ്സിൽ അന്ന് പറഞ്ഞത് 'വില്യം' എന്ന തന്റെ പ്രിയപ്പെട്ട അധ്യാപകനായിരുന്നു. കുട്ടികളെ സ്നേഹിച്ച വില്യം, കുട്ടികൾക്ക് അവരെ സ്നേഹിക്കുന്ന ദൈവത്തെ പരിചയപ്പെടുത്തുവാനായി അനേകം കഥകൾ പറഞ്ഞുകൊടുത്തിരുന്നു.
ഭാവനാസമ്പുഷ്ടമായ ആ കഥകൾ കുട്ടികളെ രസിപ്പിക്കുക മാത്രമല്ല, ചിന്തിപ്പിക്കുകയും ചെയ്തിരുന്നു. അപ്രകാരം വില്യം പറഞ്ഞ അനേക കഥകളിൽ ബെഞ്ചമിന് ഏറ്റവും കൗതുകമായി തോന്നിയത് 'സ്വർഗ്ഗത്തിലെ ഘടികാരവും വിളക്കും' തന്നെയായിരുന്നു.

മഴയുടെ ശബ്ദം ക്ലാസിനു പുറത്തുനിന്നും അകത്തേക്ക് ഇരച്ചുകയറികൊണ്ടിരിക്കുന്നു. ചില കുട്ടികളൊക്കെ മഴകണ്ട് ആസ്വദിക്കുന്നു. മറ്റുചിലരാകട്ടെ, ഒരു സാധാരണദിവസമെന്നപോലെ മഴയിലേക്കെത്തിനോക്കാതെ ക്ലാസ്സിൽത്തന്നെ ഇരിക്കുന്നു. ബെഞ്ചമിൻ മഴ ആസ്വദിക്കുവാനായി ക്ലാസ്സിനുപുറത്തേക്ക്നടന്നു. മഴയുടെ ശബ്ദം തന്റെ കാതുകളിലും മഴയുടെ സന്തോഷം തന്റെ ഹൃദയത്തിലുമാണ് ഇപ്പോൾ പെയ്തുകൊണ്ടിരിക്കുന്നത്.

തിമിർത്തുപെയ്യുന്ന ആ മഴയിലൂടെ, പൊടുന്നനെ വില്യം എന്ന തന്റെ പ്രിയപ്പെട്ട അധ്യാപകൻ തന്റെ ക്ലാസ്സിലേക്ക്കയറുവാൻ തുടങ്ങുന്നത് ബെഞ്ചമിൻ കണ്ടു. കഴിഞ്ഞ പല ദിവസങ്ങളിലും വില്യം കഥകൾപറഞ്ഞിരുന്നതുകൊണ്ടു, ഇന്നും കഥ കേൾക്കാം എന്ന സന്തോഷത്തോടുകൂടി എല്ലാ കുട്ടികളും ക്ലാസ്സിലേക്ക് ഓടിക്കയറി.

പതിവുപോലെ പുഞ്ചിരിയോടെ വില്യം കുട്ടികളെ അഭിസംബോധന ചെയ്തു. "ഇന്ന് നിങ്ങൾ കേൾക്കുവാൻ പോവുന്നത് കേവലം ഒരു കഥ മാത്രമല്ല, നിങ്ങളുടെ ജീവിതത്തിലെ എറ്റവും വിലയേറിയതും നിങ്ങൾ വളരുംതോറും വിലകൂടി വരുന്ന, സമയം എന്ന സത്യത്തെക്കുറിച്ചാണ്".

കുട്ടികളെല്ലാവരുംതന്നെ മഴയുടെശബ്ദങ്ങൾക്കിടയിലൂടെ അരിച്ചിറങ്ങിവരുന്ന വില്യമിന്റെ വാക്കുകൾക്കായി കാതോർത്തു. വില്യം തുടർന്നു, "നമുക്കെല്ലാവർക്കും ദൈവം ഈ ഭൂമിയിൽ സമയം അനുവദിച്ചു നല്കിയിട്ടുണ്ട്. എല്ലാനിലകളിലുമുള്ള മനുഷ്യർക്കും അത് ലഭിക്കുന്നുമുണ്ട്. എന്നാൽ, ആർക്കും തന്റേത് മാത്രമായി പിടിച്ചുനിറുത്തുവാൻ കഴിയാത്തവണ്ണമാണ് ദൈവം സമയത്തെ മനുഷ്യർക്കായി നൽകിയിരിക്കുന്നത്. ഒരാൾക്ക് മറ്റൊരാളുമായി സമയത്തെ പങ്കിടാമെങ്കിലും ഒരുവനിൽനിന്നും യാതൊരുകാരണവശാലും സമയത്തെ മുറിച്ചുകളയുവാൻ കഴിയുന്നതല്ല. സമയത്തിൽനിന്നും മനുഷ്യന് ഒളിച്ചോടാൻ കഴിയുകയില്ല. അതേപോലെ, ഈസമയത്തെ ഓരോ മനുഷ്യനും തന്റെ അവസാന ശ്വാസം വരെയും ഉപയോഗിച്ചേ തീരൂ". കുട്ടികൾ കാതുകൂർപ്പിച്ചിരിക്കുമ്പോൾ അദ്ദേഹം ചോദിച്ചു, "ഇങ്ങനെ അനേകം പ്രത്യേകതകളുള്ള സമയം എന്ന മഹാത്ഭുതത്തെ ദൈവം എങ്ങനെയാണ് വിലയിരുത്തുന്നത്? ദൈവം എല്ലാവർക്കും ഒരേപോലെയല്ലല്ലോ ഈഭൂമിയിൽ സമയം കൊടുത്തിരിക്കുന്നത്. പിന്നെങ്ങനെ അത് വിലയിരുത്തുവാൻ ദൈവത്തിന് കഴിയും?"

ഒരു നിശബ്ദതയ്ക്കു ശേഷം വില്യം തുടർന്നു, "സ്വർഗ്ഗത്തിൽ നമുക്ക് ഓരോരുത്തർക്കുമായി ഒരു ഘടികാരവും വിളക്കുമുണ്ട്. ഘടികാരത്തിനും വിളക്കിനും ചില പ്രത്യേകതകളും ഉണ്ട്. ഈ ഘടികാരം യന്ത്രസഹായത്താലോ മറ്റ്സംവിധാനങ്ങൾകൊണ്ടോ ഓടുന്നതല്ല. ദൈവത്തിന്റെ ഇഷ്ടം നാം ഈ ഭൂമിയിൽ തിരിച്ചറിഞ്ഞു ചെയ്യുമ്പോൾ സ്വർഗ്ഗത്തിലെ ഈ ഘടികാരത്തിൽ സൂചികൾ ചലിച്ചുതുടങ്ങും. ഓരോ ദൈവിക ഇഷ്ടങ്ങളും സന്തോഷത്തോടെ നാം പൂർത്തീകരിക്കുമ്പോൾ വിളക്കിന്റെ പ്രകാശം പതിന്മടങ്ങുവർദ്ധിക്കുകയും ചെയ്യും".

ഇത് കേട്ട കുട്ടികളുടെ കണ്ണുകളിൽ അന്നുവരെയില്ലാത്ത ഒരു തിളക്കം മിന്നിയിരിക്കുന്നു. വില്യം തുടർന്നു, "ഇങ്ങനെ ഓരോ മനുഷ്യനും പൂർണ്ണയിഷ്ടത്തോടും അർപ്പണബോധത്തോടും പ്രതിഫലേച്ഛകൂടാതെയും പിറുപിറുപ്പുകൂടാതെയും ദൈവനാമത്തിൽ ചെയ്യുന്ന സകലത്തിനുമായി ഘടികാരം ഓടുകയും വിളക്ക് പ്രകാശിക്കുകയുംചെയ്യും". ബെഞ്ചമിൻ തന്റെ അടങ്ങാത്ത ആവേശം പ്രദർശിപ്പിച്ചുകൊണ്ട് വില്യമിനോട് ചോദിച്ചു; "ഈ ഘടികാരവും വിളക്കും നാം സ്വർഗ്ഗത്തിൽചെല്ലുമ്പോൾ നമുക്കായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടാവുമോ?".
അല്പംപോലുംതാമസമില്ലാതെ വില്യമിന്റെ മറുപടിയെത്തി, "തീർച്ചയായും ഉണ്ടാവും ബെഞ്ചമിൻ!".
അങ്ങനെ ബെഞ്ചമിന്റെ ഹൃദയത്തിൽ അന്നുമുതൽ സ്വർഗ്ഗത്തിലെ ഘടികാരവും വിളക്കും സ്ഥിരസാന്നിദ്ധ്യമായിമാറി.

ഇപ്പോൾ വർഷങ്ങൾ അനേകം കഴിഞ്ഞിരിക്കുന്നു. തന്റെ യൗവ്വനം ജനൽച്ചില്ലുകളിലൂടെ ഊർന്നിറങ്ങിയമഞ്ഞുതുള്ളിപോലെ കടന്നുപോയിരിക്കുന്നു. അനേകം തവണ മഴയും മഞ്ഞും നെഞ്ചമിനെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും ദുഃഖിപ്പിച്ചും കടന്നുപോയി. താനിപ്പോൾ വാർദ്ധക്യത്തിന്റെ കൈകളിൽ പിടിച്ചുകൊണ്ടു മരണത്തിന്റെവാതിലിലൂടെ അകത്തുപ്രവേശിച്ചിരിക്കുന്നു.

വാതിലിനുള്ളിലും ബെഞ്ചമിൻ അന്വേഷിച്ചുതുടങ്ങിയത് വില്യം പറഞ്ഞുതന്ന 'ഘടികാരവും വിളക്കുമാണ്'. ദൂതനോട് ചോദിച്ച ആ ചോദ്യത്തിന് ഉത്തരമായി ദൂതൻ ബെഞ്ചമിനെ എത്തിച്ചത് ഒരു വലിയ വാതിലിന്റെമുൻപിലായിരുന്നു. വാതിൽതുറക്കുവാൻ ദൂതൻ ആംഗ്യം കാട്ടി. ബെഞ്ചമിൻ വാതിൽ തുറന്നു. അകത്തേക്ക് പ്രവേശിക്കുവാനായി നോക്കുമ്പോൾ, ഇരുട്ടു മാത്രം നിറഞ്ഞ ഒരു മുറി. ഒരു ചെറുവെളിച്ചം പോലും ഇല്ലാത്തഇടമാണ് അത്. അടുത്ത മുറിയിലേക്കു പോവാം എന്ന് ദൂതനോട് ബെഞ്ചമിൻ പറഞ്ഞു. അവർ അടുത്തമുറിയിലേക്ക് പോയി. അവിടെയും ഇരുട്ടും നിശബ്ദതയും. അങ്ങനെ അനേകം മുറികൾ അവർ കയറിയിറങ്ങി. കണ്ട മുറികളൊക്കെയും ഇരുട്ടും നിശബ്ദതയും മാത്രം നിറഞ്ഞതായിരുന്നു.

അവർ അടുത്ത മുറിയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ബെഞ്ചമിൻ ദൂതനോട് ചോദിച്ചു, "ഞാൻ കണ്ട മുറികളിലൊന്നും ഘടികാരവും വെളിച്ചവുമില്ല, ഞങ്ങളോട് വില്യം പറഞ്ഞ കഥയിലെ 'ഘടികാരവും വെളിച്ചവും' വെറുതെയായിരുന്നുവോ ? അതോ ദൈവത്തിനുവേണ്ടി ജീവിക്കുകയും സമയം ചിലവഴിക്കുകയും ചെയ്തവർ അത്രക്കും ചുരുക്കമാണോ ?". ദൂതൻ പ്രതിവചിച്ചു, "ഒരിക്കലുമല്ല. വില്യം നിങ്ങളോടു പറഞ്ഞത് കേവലമൊരുകഥയല്ല. സ്വർഗ്ഗത്തിൽ ദൈവം ഒരുക്കിയിരിക്കുന്ന ഇരിപ്പിടങ്ങളും പാർക്കാൻ ഭവനങ്ങളുമുണ്ട്. നിലയ്ക്കാത്തഘടികാരവും തേജസ്സോടുകൂടിയുള്ള വെളിച്ചവും ലഭിച്ചവർ അവിടെ ഉണ്ട് ".

ദൂതൻ ബെഞ്ചമിനെയും കൂട്ടി മറ്റൊരു ഇടത്തേക്കുപോയി. അവിടെപ്രവേശിച്ച നിമിഷംതന്നെ വളരെവ്യത്യസ്തമായ ഒരു അനുഭൂതി ബെഞ്ചമിന് അവിടെ അനുഭവപ്പെട്ടു. അകത്തുപ്രവേശിക്കുവാൻ കഴിയാത്തവണ്ണം ഹിമംപോലെ വെണ്മയുള്ളതും പ്രകാശമേറിയതുമായ അനേകമുറികളായിരുന്നു അവിടെയുണ്ടായിരുന്നത്. ദൂതൻ, ബെഞ്ചമിന്റെ കൈകളിൽ പിടിച്ചു മുൻപോട്ടു നടന്നു, ഒരുമുറിയിലേക്ക് പ്രവേശിച്ചു. പ്രശോഭിതമായ ആ മുറിയുടെ ചുവരിൽ നിർത്താതെ ഓടിക്കൊണ്ടിരിക്കുന്ന ഒരുഘടികാരം ബെഞ്ചമിൻ കണ്ടു. നിശ്ചയമായും ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു വ്യക്തിക്കുവേണ്ടി ദൈവം കരുതിവച്ചിരിക്കുന്നതാണ് ആ മുറിയെന്നു ബെഞ്ചമിൻ മനസ്സിലാക്കി. ഏറെ ആഹ്ലാദത്തോടെ അമ്പരപ്പോടെ ദൂതനോട് ബെഞ്ചമിൻ ചോദിച്ചു; "ഇതാരുടെ മുറിയാണ്? ദൈവത്തിനുവേണ്ടി ശബ്ദിക്കുകയും പ്രവൃത്തിക്കുകയും അദ്ധ്വാനിക്കുകയും ചെയ്ത ഒരു ദൈവദാസനുവേണ്ടി ദൈവം ഇത് കരുതിയിരിക്കുന്നു എന്ന്, നിലയ്ക്കാതെ സഞ്ചരിക്കുന്ന ആ സൂചികളിൽ നിന്നും വ്യക്തമാവുന്നു. ആരാണ് ദൈവത്തിന്റെ ആ പ്രിയൻ ?" . ചെറുപുഞ്ചിരിയോടെ ദൂതൻ പറഞ്ഞു; "ബെഞ്ചമിൻ, താങ്കളെപ്പോലെ അനേകകുഞ്ഞുങ്ങളുടെയിടയിൽ യേശുവിനെക്കുറിച്ചു സംസാരിച്ച വില്യമിന്റെ മുറിയാണ് ഇത്. കുഞ്ഞുങ്ങളുടെയിടയിൽ മാത്രമല്ല, തന്റെ ആയുസ്സിന്റെ അവസാനംവരെ അദ്ദേഹം ദൈവത്തിനായി ശോഭിച്ചു.

നിന്ദകൾക്കിടയിലൂടെ കടന്നുപോവേണ്ടിവന്നപ്പോഴും തിരുവചനം മാത്രം വിശ്വസിച്ചും സംസാരിച്ചും, പ്രതികൂലങ്ങളുടെ മദ്ധ്യേ കർത്താവിൽ ആശ്രയിച്ചും പ്രാർത്ഥിച്ചും അദ്ദേഹം ജീവിച്ചു. നിത്യതയിലേക്കുള്ള അദ്ദേഹത്തിന്റെ വരവിൽ, സ്വർഗം ഏറെ സന്തോഷത്തോടെയാണ് അദ്ദേഹത്തെ വരവേറ്റത്. സന്തോഷത്തോടെ അദ്ദേഹം ദൈവത്തെ ആശ്ലേഷിച്ചു".

ദൂതന്റെ കൈപിടിച്ച് പിതാവിന്റെ അടുക്കലേക്കുള്ള തുടർന്നുള്ള യാത്രയിൽ ബെഞ്ചമിന് തന്റെ സന്തോഷം അടക്കാനായില്ല. യേശുവിനെക്കുറിച്ചും നിത്യജീവനെക്കുറിച്ചും മടികൂടാതെ, ലജ്ജകൂടാതെ സംസാരിച്ച വില്യമിന് ദൈവം നൽകിയമഹത്വത്തെയോർത്തു ബെഞ്ചമിൻ സന്തോഷിച്ചു. ദൂതന്റെ കൈകളിൽ മുറുകെപ്പിടിച്ചു സ്വർഗ്ഗത്തിന്റെ മറ്റൊരുകോണിലേക്ക് ബെഞ്ചമിൻ തന്റെ യാത്ര തുടർന്നു.

-ജിബി തോമസ്



Any Feedback / Queries :
jibymonkombil@gmail.com



Any Feedback / Queries :
Jiby Thomas +447823850578